**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2859** **18.08.2017 ൽ മറുപടിയ്ക്ക്**

**കൊച്ചിൻ ക്ലബ്ബിന്റെ പാട്ടക്കാലാവധി**

**ചോദ്യം**

**ശ്രീ.ജോൺ ഫെർണാണ്ടസ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഫോർട്ട്കൊച്ചിയിൽ സെന്റ് ഫ്രാൻസിസ് ചർച്ച് റോഡിൽ മൂന്നര ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന കൊച്ചിൻ ക്ലബ്ബിന്റെ പാട്ടക്കാലാവധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ; | (എ)31.03.2006-ൽ പാട്ടക്കാലാവധി അവസാനിച്ച |
| (ബി) | അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഈ ഭൂമി ഒഴിപ്പിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ ഫോർട്ട്കൊച്ചി വില്ലേജിൽ സർവ്വെ നമ്പർ 143/2, 145/2 എന്നിവയിൽപ്പെട്ട 4.4 ഏക്കർ ഭൂമി 5/5/88-ലെ G.O(MS)No.376/86/RD പ്രകാരം കൊച്ചിൻ ക്ലബ്ബിന് പാട്ടത്തിന് നൽകിയിരുന്നതാണ്. തുടർന്ന് 1995-ൽ 2007 വരെയുള്ള RS.1,91,93,460/-രൂപ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിന് പുറപ്പെടുവിച്ച 28.2.2007-ലെ G.O(MS)No:67/07/RD നമ്പർ ഉത്തരവിനെതിരെ ടി ക്ലബ്ബ് ഫയൽ ചെയ്ത W.P(C):36969/07-ൽ 7-11-12-ലെ വിധിന്യായ പ്രകാരം ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകുവാനും ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ടി വിഷയത്തിൽ തീരുമാനമാകുന്നതുവരെ 2007-ലെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. കൊച്ചിൻ ക്ലബ്ബിന്റെ പാട്ടഭൂമി തിരികെയെടുക്കുന്നത് സംബന്ധിച്ച് വിഷയം പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന്, സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസ്സുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷ്ണർ എന്നിവരെ ഉൾപ്പെടുത്തി സ.ഉ.(എം.എസ്) നം.55/2017/റവ തീയതി 18-02-2017 പ്രകാരം രൂപീകരിച്ച സമിതിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടും തേടിയിട്ടുണ്ട് |
| (സി) | ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ